(ബി) വിജിലൻസ് പരിശോധനാവിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്;

(സി) അഴിമതിയുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസ്സുകൾ കഴിഞ്ഞ നാലുവർഷത്തിനിടയിൽ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് എത്ര സർക്കാർ ഉദ്യോഗസ്ഥർക്ക് നേരേ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ഉദ്യോഗസ്ഥർ നടത്തുന്ന ഹാജർ പരിശോധന ഇപ്പോഴും തുടരുന്നുണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ സർക്കാർ ഓഫീസുകളിൽ നടത്തിയ ഹാജർ പരിശോധനാ റിപ്പോർട്ടുകൾ അതാതു വകുപ്പു മേധാവികൾക്ക് അനന്തര നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) 1121 വിജിലൻസ് കേസ്സുകൾ കഴിഞ്ഞ നാലു വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ 480 വിജിലൻസ് അന്വേഷണങ്ങളിലായി 1236 പേർക്കെതിരെയും 383 വിജിലൻസ് കേസ്സുകളിലായി 702 പേർക്കെതിരെയും വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

സിറാജുന്നീസയുടെ മരണത്തിന് ഉത്തരവാദികളായ പോലീസുകാർക്കെതിരെ നടപടി

51 (707) ശ്രീ. എം.കെ. മുനീർ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെകാലത്ത് പാലക്കാട് നടന്ന വെടിവയ്പിൽ സിറാജുന്നീസയുടെ മരണത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി നടത്താൻ സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) ഈ വിധിയുടെ പകർപ്പ് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതനുസരിച്ച് എന്തെല്ലാം നടപടി പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ എടുത്തിട്ടുണ്ട്; ആരുടെയെല്ലാം പേരിൽ;

(ഡി) ഇല്ലെങ്കിൽ നടപടി എടുക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly